മരങ്ങളും, ഈറ, മുള എന്നിവയും പൊതുമേഖലാ സ്ഥാപനമായ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിന് അസംസ്കൃത പദാർത്ഥമായി സർക്കാർ അംഗീകരിച്ച വിലയിൽ നൽകിവരുന്നുണ്ട്. ഈറയും, മുളയും കേരള സ്റ്റേറ്റ് ബാംബു കോർപ്പറേഷന് നൽകുന്നുണ്ട്. ചെറുകിട വനവിഭവങ്ങൾ ശേഖരിക്കുന്നതിനുള്ള അവകാശം ആദിവാസികൾക്ക് രണ്ട് ദശാബ്ദത്തിലേറെ കാലമായി സൗജന്യമായി നൽകിവരുന്നു.

(സി) കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷങ്ങളിലായി (1-4-2008 മുതൽ 31-1-2011 വരെ) ആകെ 604.16 കോടി രൂപ ലഭിച്ചിട്ടുണ്ട്. ഇതിൽ തേക്ക്, വീട്ടി, ചന്ദനം, പൾപ്പ്വുഡ് മറ്റിനങ്ങൾ ഉൾപ്പെടുന്നു. തേക്ക് തടിഡിപ്പോകളിലൂടെ ചില്ലറ വിൽപ്പന വഴി പൊതുജനങ്ങൾക്ക് നൽകുന്നുണ്ട്.

(ഡി) ക്ലാസ്സ് II, ക്ലാസ്സ് III, തേക്ക് തടികൾ ചില്ലറ വിൽപ്പന നടത്തുന്നുണ്ട്. ചെറിയ കുടുംബങ്ങൾക്ക് വീട് വയ്ക്കാൻ ലേലത്തിൽ പങ്കെടുക്കാത്ത തടി ലഭ്യമാക്കണമെന്ന ഉദ്ദേശ്യത്തോടെയാണ് ചില്ലറ വിൽപ്പന സർക്കാർ നടപ്പിലാക്കുന്നത് ചില്ലറ വില്പനയുടെ ഫലമായി വരുമാന വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

(ഇ) വനം സെറ്റിൽമെന്റുകളിൽ താമസിക്കുന്ന പട്ടികവർഗ്ഗക്കാർക്ക് ഗൃഹനിർമ്മാണത്തിനുവേണ്ടി സീനിയറേജ് നിരക്കിന്റെ ഇരുപത്തിയഞ്ച് ശതമാനം നിരക്കിൽ 1.5 ക്യു.മീ. തടി (1/2 ക്യു.മീറ്റർ പ്ലാവ്/ആഞ്ഞിലി, 1 ക്യു.മീ. മരുതി/മറ്റിനം തടികൾ) ജി.ഒ. (എംഎസ്) 06/2007/വനം തീയതി 12-2-2007 ഉത്തരവനുസരിച്ച് നൽകിവരുന്നുണ്ട്. കൂടാതെ ഇ.എം.എസ്. ഭവന പദ്ധതി ലക്ഷം വീട് പുനർനിർമ്മാണ പദ്ധതി, വനാവകാശ നിയമം 2006 എന്നിവയുൾപ്പെടെയുള്ള എല്ലാ സർക്കാർ ആവിഷ്കൃത പദ്ധതികളുടെയും ഗുണഭോക്താക്കളായ ദാരിദ്രരേഖയ്ക്ക് താഴെ വരുമാനമുള്ള പട്ടികവർഗ്ഗക്കാർക്ക് കോൺക്രീറ്റ് വീടിനു 1 ക്യു.മീറ്റർ, ഓടിട്ട വീടിന് 2 ക്യു.മി. എന്ന ക്രമത്തിൽ പ്ലാവ്/ആഞ്ഞിലി/മരുതി/ഇരുൾ/ചടച്ചി ഇനത്തിൽപ്പെട്ട തടികൾ, ലഭ്യതയനുസരിച്ച് സൗജന്യമായി നൽകുന്നതിന് 26-11-2009-ലെ ജി.ഒ. (എംഎസ്) 52/2009/വനം പ്രകാരം ഉത്തരവായിട്ടുണ്ട്.

(എഫ്) ഉണ്ട്. പങ്കാളിത്ത വനപരിപാലനവുമായി ബന്ധപ്പെട്ട അവലോകനങ്ങളിലും റിപ്പോർട്ടുകളിലും വനവിഭവങ്ങളുടെ വിപണനത്തിനായി രൂപീകരിച്ച വനശ്രീ പദ്ധതിയുടെ പ്രവർത്തനം വിലയിരുത്തുന്നു.

ദേവികുളം ഗിരിജൻ-ഹരിജൻ കോ-ഓപ്പറേറ്റീവ് സൊസൈറ്റി

228(935) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേവികുളം ഗിരിജൻ-ഹരിജൻ കോ-ഓപ്പറേറ്റീവ് സൊസൈറ്റി, ഇടമലക്കുടി എന്ന സ്ഥാപനത്തിന്റെ പരിധിയിൽ ചെറുകിട വനവിഭവങ്ങൾ ശേഖരിക്കുന്നതിന് വനം വകുപ്പ് മറ്റ് സ്ഥാപനങ്ങൾക്ക് അനുവാദം നൽകിയിട്ടുണ്ടോ :

LIBRARY ARCHIVES Kerala Legislative Assembly

(ബി) ദേവികുളം ഗിരിജൻ-ഹരിജൻ കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് അനുവാദം നൽകാതിരിക്കുന്നതിന് കാരണം വ്യക്തമാക്കാമോ ;

(സി) ഫോറസ്റ്റ് ജീവനക്കാർ സ്വകാര്യവ്യക്തികളുമായിച്ചേർന്ന് പ്രസ്തുത സ്ഥാപനത്തെ തകർക്കാൻ നടത്തുന്ന ശ്രമങ്ങളെക്കുറിച്ച് അന്വേഷിച്ച് വേണ്ട നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) മൂന്നാർ വനം ഡിവിഷന്റെ പരിധിയിൽ വരുന്ന വനപ്രദേശങ്ങളിൽ നിന്നും ആദിവാസികൾ മാത്രം അംഗങ്ങളായ ആദിവാസി വന സംരക്ഷണ സമിതി മുഖേന ആദിവാസികൾ ചെറുകിട വനവിഭവങ്ങൾ ശേഖരിക്കുന്നുണ്ട്.

(ബി) ദേവികുളം, മൂന്നാർ, മറയൂർ എന്നീ വനം റേഞ്ചുകളിൽ നിന്നും ചെറുകിട വനവിഭവ ശേഖരണം നടത്തുന്നതിനുള്ള അവകാശം സംബന്ധിച്ച് ബഹു.ഹൈക്കോടതിയിൽ കേസ് നിലനിൽക്കുന്നതിനാൽ ടി റേഞ്ചുകളിൽ നിന്നുള്ള വന വിഭവ ശേഖരണം ഒരു ഗിരിജൻ സർവ്വീസ് സഹകരണ സംഘത്തിനും നൽകേണ്ടതില്ലെന്ന കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന സഹകരണ ഫെഡറേഷന്റെ ശിപാർശ നിലവിലുള്ളതിനാലും ദേവികുളം ഗിരിജൻ സർവ്വീസ് സഹകരണ സംഘത്തിൽ മുഴുവൻ സമയ സെക്രട്ടറിയെ നിയമിച്ചിട്ടില്ലാത്തതിനാലും ദേവികുളം ഗിരിജൻ സർവ്വീസ് സഹകരണ സംഘത്തിന് ചെറുകിട വനവിഭവ ശേഖരണാനുമതി നൽകിയിട്ടില്ല.

(സി) ഫോറസ്റ്റ് ജീവനക്കാർ സ്വകാര്യ വ്യക്തികളുമായിച്ചേർന്ന് ദേവികുളം ഗിരിജൻ-ഹരിജൻ സർവ്വീസ് സഹകരണ സംഘത്തെ തകർക്കാൻ ശ്രമിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

സാമൂഹ്യവനവൽക്കരണം, ഹരിത കേരളം തുടങ്ങിയ പദ്ധതികൾ

229(936) ശ്രീ. എൻ. രാജൻ :
ശ്രീ. കെ. രാജു :
ശ്രീ. കെ. അജിത് :
ശ്രീ. രാജാജി മാത്യു തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കഴിഞ്ഞ അഞ്ചുവർഷക്കാലത്തിനിടയിൽ സാമൂഹ്യ വനവൽക്കരണം, ഹരിതകേരളം തുടങ്ങിയ എത്ര പദ്ധതികളാണ് വനം വകുപ്പിന്റെ കീഴിൽ തുടക്കം കുറിച്ചിട്ടുള്ളത് ; ഇതിൽ എത്ര പദ്ധതികൾ പൂർത്തിയായി ;

(ബി) ഈ ഓരോ പദ്ധതിയുടെയും ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നു, ഇവ എത്രത്തോളം പ്രാവർത്തികമാക്കിയെന്ന് വ്യക്തമാക്കുമോ ;

(സി) ഈ പദ്ധതികളിൽ ഉൾപ്പെടുത്തി നാളിതുവരെ എത്ര വൃക്ഷത്തൈകൾ വച്ചുപിടിപ്പിച്ചിട്ടുണ്ട് ; ഇവ എത്തെല്ലാം ഇനങ്ങളിൽപ്പെട്ടവയാണെന്ന് വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly